# ചരിത്രവും നേട്ടങ്ങളും

ഇസ്‌ലാമിക നാഗരികതയുടെ പ്രതാപകാലം എന്നറിയപ്പെടുന്ന നാലര നൂറ്റാണ്ട് അനന്യ സാധാരണമായ നേട്ടങ്ങളാൽ സമ്പന്നമാണ്. പ്രവാചകന്റെ ജീവിതകാലം (ക്രി. 570-632), സച്ചരിതരായ ഉത്തരാധികാരികളുടെ കാലം (ക്രി. 632-660), ഉമവീ കാലഘട്ടം (ക്രി. 661-750), ഒന്നാം അബ്ബാസീ കാലഘട്ടം (ക്രി. 750-850), രണ്ടാം അബ്ബാസീ കാലഘട്ടം (ക്രി. 851-1258) എന്നിങ്ങനെ സൗകര്യാർഥം ഈ ചരിത്രകാലത്തെ വിഭജിക്കാവുന്നതാണ്. അബ്ബാസിയാനന്തര കാലഘട്ടവും (ക്രി. 1258-1924) ശേഷം വരുന്ന നവോത്ഥാന കാലഘട്ടവും ഇസ്‌ലാമിക നാഗരികതയുടെ നൈരന്തര്യം നിലനിർത്തുന്നുണ്ടെങ്കിലും ചരിത്രപരമായ വിലയിരുത്തലിൽ അവ വ്യത്യസ്തമായാണ് പരിഗണിക്കപ്പെടുന്നത്.

ഇസ്‌ലാമിക നാഗരികതയുടെ സംഭാവനകൾ വിശ്വാസം, നിയമം, സമ്പദ്‌വ്യവസ്ഥ, ഭരണകൂടം, നഗരങ്ങൾ, സാഹിത്യം, കല, ശാസ്ത്രം, തത്ത്വചിന്ത, ആതുര ശുശ്രൂഷ, വിദ്യാഭ്യാസം എന്നിങ്ങനെ വ്യത്യസ്ത തലങ്ങളിൽ വ്യാപിച്ചു കിടക്കുന്നവയാണ്.